വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏകദേശ കണക്കനുസരിച്ച് 2.02 ലക്ഷം തൊഴിലാളികൾ കയർ വ്യവസായത്തിലെ സഹകരണ മേഖല ഒഴിച്ചുള്ള മറ്റ് എല്ലാ മേഖലയിലുംകൂടി പണിയെടുക്കുന്നു.

(ബി) ഗവൺമെൻറ് തൊണ്ട് ശേഖരിച്ച് ആർക്കും കൊടുക്കുന്നില്ല. തൊണ്ട് നിയന്ത്രണ ഉത്തരവിൻപ്രകാരം പെർമിറ്റ് നൽകുകയാണ് ചെയ്യുന്നത്.

(സി) 'ബി' യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

ഗവൺമെൻറു വക വനേതരഭൂമി

* 329. [388] ശ്രീ. കെ.ടി. കണാരൻ :
,, വി.കെ. രാജൻ :
,, കെ.വി. സുരേന്ദ്രനാഥ്
,, കെ.ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൃഷിക്കും ആംപാർപ്പിനും പറ്റുന്ന തരത്തിൽ വീണ്ടെടുത്തു നന്നാക്കാവുന്ന ഗവൺമെൻറു വക വനേതര ഭൂമി എത്ര ഹെക്ടർ ഉണ്ടെന്നു പ്രസ്താവിക്കുമോ ;

(ബി) വനഭൂമിയിലും പുറമ്പോക്കുകളിലും ഉള്ള സമ്മർദ്ദം ലഘൂകരിക്കാൻ ഇത്തരം ഭൂമി വീണ്ടെടുത്ത് വിതരണം ചെയ്യാൻ ഒരു സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേരളാ ഭൂമി പതിവു നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ വക പുറമ്പോക്കു ഭൂമി ഉചിതമായ രീതിയിൽ പതിച്ചുകൊടുക്കാൻ സമഗ്രമായ വ്യവസ്ഥയുണ്ട്.

മെഴുകുതിരി വ്യവസായത്തിലെ പ്രതിസന്ധി

* 330. [389] ശ്രീമതി കെ.ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാരഫിൻ വാക്സിനു വില വർദ്ധിച്ചതുകാരണം സംസ്ഥാനത്തെ മെഴുകുതിരി വ്യവസായം പ്രതിസന്ധിയിലാണെന്ന വിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) പാരഫിൻ വാക്സിനു വില വർദ്ധിച്ചതുമൂലം വ്യവസായികൾക്ക് ബുദ്ധിമുട്ടുണ്ടായിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരാണ് കാലാകാലങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത്. അതിൻമേൽ കുറവു വരുത്താൻ സംസ്ഥാന സർക്കാരിന് നിർവ്വാഹമില്ല. എന്നാൽ കേരള സർക്കാർ ചുമത്തുന്ന വിൽപ്പന നികുതി കുറവു വരുത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ട്.

സിഡ്കോയുടെ കാണാതായ സിമൻറ്

* 331. [390] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോയുടെ 251 ലോഡ് സിമൻറ് കാണാതായതിനെപ്പറ്റിയുള്ള അന്വേഷണ വിവരങ്ങൾ പറയാമോ ;

(ബി) ഇതു സംബന്ധിച്ച് സിഡ്കോ സിമൻറ് കാണാതായതിനെപ്പറ്റിയുള്ള ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയ റിപ്പോർട്ട് എന്നാണ് കിട്ടിയത് ;

(സി) ഈ റിപ്പോർട്ടിന്റെ മേൽ എന്ത് നടപടികളാണ് എടുത്തത് ;

(ഡി) തൃത്തുക്കുടിയിൽ നിന്ന് ഒരു ലോഡു സിമൻറ് ഡിപ്പോയിൽ എത്തിക്കാൻ എത്ര രൂപ ചെലവു വരും ; കൊച്ചിയിൽ നിന്നുമുള്ള ചെലവെന്ത് ;

(ഇ) എന്തുകൊണ്ടായിരുന്നു കൊച്ചിയിൽ സിമൻറ് ഇറക്കാതെ തൃത്തുക്കുടിയിൽ ഇറക്കിയത് ;

(എഫ്) ഈ കേസ് സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടികൾ സ്വീകരിച്ചു ;

(ജി) ഏതെല്ലാം ഉദ്യോഗസ്ഥൻമാരായിരുന്നു ഈ സിമൻറ് തിരുമറിക്ക് ഉത്തരവാദികൾ ;

(എച്ച്) 251 ലോഡ് സിമൻറിനു സിഡ്കോക്ക് കിട്ടേണ്ട സംഖ്യ എത്രയാണ് ;

(ഐ) ഇതിൽ എത്ര സംഖ്യ കിട്ടി ;

(ജെ) കിട്ടാനുള്ള സംഖ്യക്ക് പലിശമാത്രം 31-5-1985 വരെ എത്ര വരും ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി & സി) സിഡ്കോയുടെ കാണാതായ സിമൻറിനെപ്പറ്റി സ്പെഷ്യൽ ക്രൈം ബ്രാഞ്ച് പോലീസ് അന്വേഷണം നടത്തിവരുന്നു.

(ഡി) തൃത്തുക്കുടിയിൽ നിന്നും തിരുവനന്തപുരം വരെ ഒരു ലോഡു സിമൻറു കൊണ്ടുവരുന്നതിന് 869 രൂപ ചെലവുണ്ടായിരുന്നു. കൊച്ചി തുറമുഖത്തു നിന്നും സിഡ്കോയുടെ കടവന്ത്ര ഡിപ്പോയിൽ ഒരു ലോഡു സിമൻറു എത്തിക്കുന്നതിന് കുറഞ്ഞ ചെലവ് 430 രൂപയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly